(4) ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്ക് നിയമസഭാംഗങ്ങളുടെ പ്രാദേശികവികസന നിധിയിൽ നിന്നും തുക നൽകുന്നത് സംബന്ധിച്ച്

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, ഞാൻ അവതരിപ്പിക്കുന്ന വിഷയത്തിൽ എം. എൽ. എ.-മാരിൽ പലർക്കും അഭിപ്രായ വ്യത്യാസം ഉണ്ടാകാം. ക്യാൻസർ രോഗത്തിന് വളരെ ചിലവേറിയ ചികിത്സയാണ് നടത്തുന്നത്. ക്യാൻസർ രോഗം അടക്കമുള്ള രോഗങ്ങളുമായി ധാരാളം ആളുകൾ എല്ലാ ദിവസവും രാവിലെ മണ്ഡലത്തിലെ എം. എൽ. എ. എന്ന നിലയിൽ സമീപിക്കാറുണ്ട്. സഹായം വേണമെന്ന് പറയുന്നു. അല്ലെങ്കിൽ റെക്കമെന്റേഷൻ കത്ത് കൊടുക്കണമെന്ന് പറയുന്നു. ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത് എം. എൽ. എ. ഫണ്ടിൽനിന്നും ഒന്നോ രണ്ടോ ലക്ഷം രൂപ ചികിത്സാസഹായത്തിനുവേണ്ടി തിരുവനന്തപുരം ഗവൺമെന്റ് ക്യാൻസർ സെന്ററിലേക്ക് എം. എൽ. എ. ഒരു കത്ത് കൊടുത്താൽ ഒരു നിശ്ചിത തുക കൈമാറാൻ കഴിയുന്ന തരത്തിലുള്ള സംവിധാനം ഉണ്ടാക്കുമോ എന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കൂടി ഇത് ശ്രദ്ധിക്കണം. അതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ എം. എൽ. എ.-മാരുടെ കത്ത് കിട്ടുമ്പോൾ വളരെ സാധുക്കളായ രോഗികൾക്ക് ചികിത്സയ്ക്ക് എന്തെങ്കിലും ആനുകൂല്യം ക്യാൻസർ സെന്ററിൽ അനുവദിച്ചുകൊടുക്കാൻ ശ്രമിക്കുമോ എന്നാണ് എന്റെ ചോദ്യം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എം. എൽ. എ. ഫണ്ട് വികസന ആവശ്യങ്ങൾക്കുവേണ്ടി മാത്രമാണ്. അതിന്റെ ഉദ്ദേശം തന്നെ ആ രൂപ കൊണ്ട് അസറ്റ് ഉണ്ടാക്കുക എന്നതാണ്. അതുകൊണ്ട് ശ്രീ. ഗണേഷ്കുമാർ പറഞ്ഞതുപോലെ ഇത് ഒരു വലിയ പ്രശ്നമാണെങ്കിലും നിയമസഭാ സമാജികൻമാരെ എല്ലാ പ്രശ്നത്തിലും ജനങ്ങൾ സമീപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഇത് ഒരു ന്യായമായ ആവശ്യമായി ജനങ്ങൾ എം. എൽ. എ.-മാരെ സമീപിക്കുന്നു എന്നകാര്യം സമ്മതിക്കുന്നു. പക്ഷേ ഇത് നമുക്ക് എം. എൽ. എ. ഫണ്ടിൽനിന്നും ചെലവാക്കാൻ നിർവ്വാഹമില്ല. എന്നാൽ ബഹുമാനപ്പെട്ട മെമ്പർക്ക് ചെയ്യാവുന്നത് അങ്ങയുടെ കത്തോടുകൂടി മുഖ്യമന്ത്രിക്ക് അയച്ചാൽ അർഹതപ്പെട്ട എല്ലാ കേസുകളിലും അദ്ദേഹം ഇപ്പോൾ പണം നൽകുന്നുണ്ട്. പണ്ടത്തെപ്പോലുള്ള ഒരു കാലതാമസവും ഇപ്പോൾ ഇല്ല. ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അതനുസരിച്ച് മുഖ്യമന്ത്രി കൊടുക്കുന്നുണ്ട്. ഇത് ചെയ്യാൻ നിർവ്വാഹമില്ല എന്ന് ഞാൻ ഖേദപൂർവ്വം അറിയിക്കുന്നു.

(5) കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും ഫാക്ടറികൾ അടച്ചിട്ടതുമൂലമുള്ള പ്രതിസന്ധി

ശ്രീ. എ. എ. അസീസ്. സർ, ഈയടുത്തകാലത്ത് വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിച്ച കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും വീണ്ടും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. 20000-ൽപ്പരം തൊഴിലാളികൾ പണി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നതാണ് കശുവണ്ടി വികസന കോർപ്പറേഷൻ. 5000 തൊഴിലാളികൾ പണിയെടുക്കുന്നതാണ് കാപ്പെക്സ്. കശുവണ്ടി വികസന കോർപ്പറേഷനിൽ ഈ ഗവൺമെന്റ് വരുന്നതിന് തൊട്ടുമുമ്പുവരെ പ്രതിവർഷം 250 ദിവസം തൊഴിലാളികൾക്ക് ജോലി ലഭിച്ചിരുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ സ്ഥാപനങ്ങൾ അടച്ചുപൂട്ടി കിടക്കുകയായിരുന്നു. ഈ ഗവൺമെന്റ് വരുമ്പോൾ ആ സ്ഥാപനത്തിന് 40 കോടി രൂപയുടെ ബാദ്ധ്യതയുണ്ടായിരുന്നു. അത് യഥാസമയം ഗവൺമെന്റ് ഏറ്റെടുക്കാതിരിക്കുന്നതുമൂലം വർഷങ്ങൾ പിന്നിട്ടപ്പോൾ അത് പലിശയും പിനൽപ്പലിശയുമായി 110-ഉം 115-ഉം കോടി രൂപയായി വർദ്ധിച്ചു. തൊഴിലാളികൾ നിരന്തരമായി നടത്തിവരുന്ന പ്രക്ഷോഭണ സമരങ്ങളുടെ ഫലമായി വീണ്ടും തുറന്നു പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചു. 2001-ൽ ഈ ഗവൺമെന്റ് വരുന്നതിന് മുമ്പുവരെ 44 ദിവസം ജോലി നടന്നു. 2003-2004-ൽ ആകെ 18 ദിവസം, 2002-ൽ ഒരു ദിവസവും ഈ ഇരുപതിനായിരം തൊഴിലാളികൾക്ക് കോർപ്പറേഷനിൽ ജോലി ലഭിച്ചില്ല. എന്നാൽ ഇപ്പോൾ ആ ബാദ്ധ്യതകൾ ഏറ്റെടുത്തുകൊണ്ട് കോർപ്പറേഷൻ തുറന്നു പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. കോർപ്പറേഷന്റെ ബാദ്ധ്യതകൾ 5 തവണകളായി അടയ്ക്കാനാണ് സമ്മതിച്ചത്. അതിൽ ഒരു തവണ അടച്ചു. രണ്ടാമത്തെ ഗഡു 31.5 കോടി രൂപ 31-3-2005-ന് മുമ്പ് അടച്ചില്ലെങ്കിൽ കോർപ്പറേഷന്റെ പ്രവർത്തനം വീണ്ടും നിലച്ചുപോകും. അതുപോലെതന്നെ കാഷ്യൂ കോർപ്പറേഷനിൽനിന്ന് പിരിഞ്ഞുപോയ തൊഴിലാളികൾക്ക് 23.5 കോടി രൂപ ഗ്രാറ്റുവിറ്റിയായി കൊടുക്കാനുണ്ട്. സേഫ്റ്റി നെറ്റിൽനിന്നുള്ള തുകയും 31-3-2005-ന് മുമ്പ് കൊടുക്കാൻ നടപടി സ്വീകരിക്കണം. കാപ്പെക്സിൽ കുറച്ച് തൊഴിൽ ദിവസങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽപ്പോലും കാപ്പെക്സിലെ തൊഴിലാളികളുടെ ഐ.ഇ.എസ്., പി.എഫ്., ക്ഷേമനിധി തുടങ്ങിയ ആനുകൂല്യങ്ങളുടെ കാര്യത്തിൽ തൊഴിലാളികളിൽനിന്ന് പിടിക്കുന്ന വിഹിതംപോലും അടയ്ക്കുന്നില്ല. അടയ്ക്കാതിരുന്നതിന്റെ ഫലമായി രണ്ടു ഫാക്ടറികളിൽ അവിടത്തെ മാനേജർൻമാരെത്തന്നെ തടഞ്ഞുവയ്ക്കുകയും സമരങ്ങൾ തുടരുകയും ചെയ്യുകയാണ്. കാപ്പെക്സിന് അടിയന്തിരമായി 5 കോടി രൂപയുടെ ധനസഹായം നൽകാമെന്ന് കഴിഞ്ഞ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി തീരുമാനിച്ചതാണ്. ആ തുക കൊടുത്തിട്ടില്ല. അവർക്ക് അടിയന്തിരമായി 5 കോടി രൂപയെങ്കിലും കൊടുത്തെങ്കിൽ മാത്രമേ കാപ്പെക്സിന്റെ പ്രവർത്തനം തുടർന്നുപോകൂ. ഇങ്ങനെ ആരംഭിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങൾ ഒരു ചെറിയ ആശ്വാസം നൽകി തുറന്നു പ്രവർത്തിക്കുകയും തുടർന്ന് ആ തീരുമാനിച്ചത് നടപ്പാക്കാതിരിക്കുകയും ചെയ്താൽ വീണ്ടും ആ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും തൊഴിലാളികൾ തൊഴിൽ രഹിതരാവുകയും ഈ സ്ഥാപനങ്ങൾ വമ്പിച്ച നഷ്ടത്തിലേക്ക് വീണ്ടും പോകുകയും ചെയ്യും. അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിന് തന്നെയായിരിക്കും. എന്നും മുറവിളി കൂട്ടുക കോർപ്പറേഷന് നഷ്ടം, കാപ്പെക്സിനു നഷ്ടം എന്നുപറയുക, ആ നഷ്ടം പരിഹരിച്ച് അവരെ മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ യഥാസമയത്ത് തീരുമാനിച്ച തീരുമാനം നടപ്പാക്കാൻ ഗവൺമെന്റ് സന്നദ്ധമാകണം. അതാണ് എന്റെ സബ്മിഷൻ.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ അടച്ചുപൂട്ടി ഇട്ടിരിക്കുകയായിരുന്നു. ധനകാര്യ സ്ഥാപനങ്ങൾക്ക് വൻതുക ബാദ്ധ്യത ആയതിനാൽ തുടർന്ന് വായ്പ നൽകുവാൻ ബാങ്കുകൾ വിസമ്മതിക്കുകയും അന്തരാഷ്ട്ര വിപണിയിൽ കശുവണ്ടി പരിപ്പിന് വിലയിടിവുണ്ടാവുകയും ചെയ്തതിന്റെ ഫലമായി സാമൂഹ്യ ബാദ്ധ്യതകൾ പരിഗണിച്ച് കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള 107 കോടി രൂപ 5 ഗഡുക്കളുള്ള ദീർഘകാല വായ്പയായി കോർപ്പറേഷന് നൽകാൻ സർക്കാർ തീരുമാനിച്ചു. തുടർന്ന് ബാങ്കുകളിൽനിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കി തോട്ടണ്ടി വാങ്ങി 8-12-2004 മുതൽ ഫാക്ടറികൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികൾ ഇപ്പോഴും തുടർച്ചയായി പ്രവർത്തിച്ചു വരികയാണ്. കാപ്പെക്സിന്റെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്ന് വായ്പ ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് 11-10-2004-ൽ 7.25 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി നൽകുകയും അതിന്റെ ഫലമായി ബാങ്ക് വായ്പ കാപ്പെക്സിന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കാപ്പെക്സിന് 2.5 കോടി രൂപ ധനസഹായം നൽകുന്ന കാര്യവും പഴയ ബാദ്ധ്യതയായ 2.45 കോടി രൂപ പലിശ സഹിതം സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യവും പരിശോധിച്ചുവരികയാണ്. പിന്നെ ചരിത്രത്തിൽ ആദ്യമായി കാപ്പെക്സ് ഏറ്റവും കൂടുതൽ ദിനങ്ങൾ പ്രവർത്തിച്ചത് ഈ വർഷമാണ് എന്നുള്ള കാര്യവും അറിയിക്കുന്നു.

(6) നാട്ടികയിലെ കയ്പമംഗലത്ത് പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വളരെയേറെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്ന കേരളത്തിലെ ഏറ്റവും വലിയ പോലീസ് സ്റ്റേഷനുകളിലൊന്നാണ് തൃശ്ശൂർ ജില്ലയിലെ മതിലകം പോലീസ് സ്റ്റേഷൻ. എന്നാൽ നിരന്തരം രാഷ്ട്രീയ-വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാകുന്നതുകൊണ്ടും തീരദേശ മേഖലയിലെ പോലീസ് സ്റ്റേഷന്റെ ദൈർഘ്യം കൂടുതലായതുകൊണ്ടും പലപ്പോഴും പോലീസുകാർക്ക് കൃത്യനിർവ്വഹണത്തിന് എത്തിച്ചേരാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സംസ്ഥാന ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുള്ള മുൻഗണനാ പട്ടികയിൽ കയ്പമംഗലത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ഉണ്ടാക്കുന്നതിനുവേണ്ടിട്ടുള്ള നിർദ്ദേശം ഉള്ളതായി മനസ്സിലാക്കുന്നു. 2005-2006 വർഷം തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്ത് പുതിയ പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ വാടകസ്ഥലം ഉൾപ്പെടെ വേണമെങ്കിൽ അവിടെയുള്ള ജനപ്രതിനിധി എന്നുള്ള നിലയിൽ സംഘടിപ്പിച്ച് ആഭ്യന്തര വകുപ്പിന് കൊടുക്കുന്നതിനുകൂടി തയ്യാറാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly